**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2005** **14-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാർക്കുള്ള പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്ക് വിവിധ വകുപ്പുകളിൽ നിലവിലുള്ളതും പുതുതായി പ്രഖ്യാപിക്കുന്നതുമായ പദ്ധതികളെകുറിച്ച് അറിവുനൽകുന്നതിനും അവ നടപ്പിലാക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളെയും കാലാകാലങ്ങളിൽ വരുന്ന ഭേദഗതിയെയും കുറിച്ച് മനസ്സിലാക്കുന്നതിനും അവബോധന പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ടോ; വിശദമാക്കാമോ; | (എ) | വിവിധ വകുപ്പുകളിൽ പുതുതായി പ്രഖ്യാപിക്കുന്ന പദ്ധതികളെക്കുറിച്ച് അറിവു നൽകുന്നതിന് അതാത് വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സംസ്ഥാന പരിശീലന നയത്തിൽ (STP) ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | പല പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നേരിടുന്ന സാങ്കേതിക തടസ്സങ്ങൾ മറികടക്കാനും പ്രായോഗിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് സാധിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസവും സാമ്പത്തിക നഷ്ടവും പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ മാസം തോറും അതാത് മണ്ഡലം എം.എൽ.എ.മാർക്ക് സമർപ്പിക്കുവാൻ ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) | ഉണ്ട്. 11.06.2012 ലെ സ.ഉ(എം.എസ്) നം. 142/12/പൊ.ഭ.വ ഉത്തരവ് പ്രകാരം നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ മാരെ അറിയിക്കുന്നത് സംബന്ധിച്ച കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇല്ലെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. 11.06.2012 ലെ സ.ഉ(എം.എസ്) നം. 142/12/പൊ.ഭ.വ ഉത്തരവ് പ്രകാരം നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ മാരെ അറിയിക്കുന്നത് സംബന്ധിച്ച കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

94/11/6/12

**കേരള സർക്കാർ**

**പൊതുഭരണം - നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ മാരെ അറിയിക്കുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പൊതുഭരണ (ഏകോപന) വകുപ്പ്

സ.ഉ. (എം.എസ്)നം. 142/12/പൊ.ഭ.വ  തീയതി, തിരുവനന്തപുരം, 11/06/2012.

പരാമർശം- 1) 07.05.2008-ലെ പാർലമെന്ററി കാര്യ (എ) വകുപ്പിൽ നിന്നുള്ള 1294/എ 2/07/പാ.ക.വ നമ്പർ സർക്കുലർ.

2) 21.11.2011-ലെ പൊതുഭരണ (ഏകോപന) വകുപ്പിൽ നിന്നുള്ള 77369/സി.ഡി.എൻ.4/11/പൊ.ഭ.വ നമ്പർ സർക്കുലർ.

**ഉത്തരവ്**

വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി, സ്ഥലം എം.എൽ.എമാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ സ്റ്റ്/എം.എൽ.എ മാർക്കുകൂടി നൽകണമെന്നും സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

17.10.2011-ൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് തെറ്റയിൽ എം.എൽ.എ ഉന്നയിച്ച സബ്മിഷനിൽ ഇത്തരത്തിൽ ഇറങ്ങുന്ന ഉത്തരവുകളുടെയും കത്തുകളുടെയും പകർപ്പുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതുപോലെ ജനപ്രതിനിധികൾക്കു കൂടി ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തിര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഈ സബ്മിഷനിലെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ, സൂചന (1)-ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും ഓരോ നിയോജക മണ്ഡലത്തിലെയും വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച എല്ലാ ഗവൺമെന്റ് ഉത്തരവുകളും ബന്ധപ്പെട്ട എം.എൽ.എമാരെ സമയബന്ധിതമായി അറിയിക്കണമെന്നും എല്ലാ വകുപ്പുകൾക്കും/വകുപ്പുതലവന്മാർക്കും കർശന നിർദ്ദേശം സൂചന (2) പ്രകാരം നൽകിയിരുന്നു.

സൂചനയിലെ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്ന കാര്യത്തിൽ വിവിധ വകുപ്പുകൾ ഗുരുതരമായ വീഴ്ച വരുത്തുന്നതായി വീണ്ടും നിയമസഭാ സാമാജികർ പരാതികൾ ഉന്നയിച്ച സാഹചര്യത്തിൽ, ടി സർക്കുലറുകളിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും/ വകുപ്പുതലവന്മാർക്കും കർശന നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.ആർ. ജ്യോതിലാൽ**
**സെക്രട്ടറി**

എല്ലാ നിയമസഭാ സാമാജികർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടറി, കേരളാ നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി/അണ്ടർ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പുതലവന്മാർക്കും (ഉത്തരവ് അതത് വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും എത്തിയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.)
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം, പൊതുഭരണം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് ( വിപുലമായ പ്രചാരണത്തിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് , സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പാർലമെന്ററി കാര്യ വകുപ്പിന് (ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നുവെന്ന് നിരീക്ഷിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: - ബഹു: മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ/പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ബഹു: സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു: ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു: പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ സെക്രട്ടറിയുടെ പി.എ. ക്ക്
പൊതുഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. ക്ക്

94/11/6/12

# കേരള സർക്കാർ

**പൊതുഭരണം - നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ മാരെ അറിയിക്കുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പൊതുഭരണ (ഏകോപന) വകുപ്പ്

സ.ഉ. (എം.എസ്)നം. 142/12/പൊ.ഭ.വ തീയതി, തിരുവനന്തപുരം, 11/06/2012.

പരാമർശം- 1) 07.05.2008-ലെ പാർലമെന്ററി കാര്യ (എ) വകുപ്പിൽ നിന്നുള്ള 1294/എ 2/07/പാ.ക.വ നമ്പർ സർക്കുലർ.

2) 21.11.2011-ലെ പൊതുഭരണ (ഏകോപന) വകുപ്പിൽ നിന്നുള്ള 77369/സി.ഡി.എൻ.4/11/പൊ.ഭ.വ നമ്പർ സർക്കുലർ.

## ഉത്തരവ്

വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി, സ്ഥലം എം.എൽ.എമാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ യ്ക്ക്/എം.എൽ.എ മാർക്കുകൂടി നൽകണമെന്നും സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

17.10.2011-ൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് തെറ്റയിൽ എം.എൽ.എ ഉന്നയിച്ച സബ്മിഷനിൽ ഇത്തരത്തിൽ ഇറങ്ങുന്ന ഉത്തരവുകളുടെയും കത്തുകളുടെയും പകർപ്പുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതുപോലെ ജനപ്രതിനിധികൾക്കു കൂടി ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തിര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഈ സബ്മിഷനിലെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ, സൂചന (1)-ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും ഓരോ നിയോജക മണ്ഡലത്തിലെയും വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച എല്ലാ ഗവൺമെന്റ് ഉത്തരവുകളും ബന്ധപ്പെട്ട എം.എൽ.എമാരെ സമയബന്ധിതമായി അറിയിക്കണമെന്നും എല്ലാ വകുപ്പുകൾക്കും/വകുപ്പുതലവന്മാർക്കും കർശന നിർദ്ദേശം സൂചന (2) പ്രകാരം നൽകിയിരുന്നു.

സൂചനയിലെ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്ന കാര്യത്തിൽ വിവിധ വകുപ്പുകൾ ഗുരുതരമായ വീഴ്ച വരുത്തുന്നതായി വീണ്ടും നിയമസഭാ സാമാജികർ പരാതികൾ ഉന്നയിച്ച സാഹചര്യത്തിൽ, ടി സർക്കുലറുകളിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും/ വകുപ്പുതലവന്മാർക്കും കർശന നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.ആർ. ജ്യോതിലാൽ**
**സെക്രട്ടറി**

എല്ലാ നിയമസഭാ സാമാജികർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടറി, കേരളാ നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി/അണ്ടർ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പുതലവന്മാർക്കും (ഉത്തരവ് അതത് വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും എത്തിയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.)
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം, പൊതുഭരണം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് ( വിപുലമായ പ്രചാരണത്തിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് , സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പാർലമെന്ററി കാര്യ വകുപ്പിന് (ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നുവെന്ന് നിരീക്ഷിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: - ബഹു: മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ/പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ബഹു: സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു: ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു: പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ സെക്രട്ടറിയുടെ പി.എ. യ്ക്ക്
പൊതുഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്